## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3564** **17.10.2011 -ൽ മറുപടിക്ക്**

**പകർച്ചവ്യാധി സമയത്ത് മരുന്നു വില കൂട്ടി വിൽക്കുന്നത് സംബന്ധിച്ച്**

| ചോദ്യം<br>ശ്രീ. വി. ശശി: | | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>ആരോഗ്യവും കയറും വകുപ്പുമന്ത്രി | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എലിപ്പനിയും മഞ്ഞപ്പിത്തവും വ്യാപിക്കുമ്പോൾ ഇതുമായി ബന്ധപ്പെട്ട മരുന്നുകളുടെ വില കൂട്ടി വില്ക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എലിപ്പനിക്കും മഞ്ഞപ്പിത്തത്തിനും ഉപയോഗിക്കുന്ന 'ഡോക്സി സൈക്ലിൻ' എന്ന മരുന്ന് വിവിധ പേരുകളിൽ വൻവില വ്യത്യാസത്തിൽ വില്പന നടത്തുന്നതിനെതിരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ; | (ബി) | 'ഡോക്സി സൈക്ലിൻ' എന്ന മരുന്നിന്റെ വില ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ പ്രകാരം നിയന്ത്രണ വിധേയമാണ്. ഡോക്സി സൈക്ളിന്റെ വിവിധ തലത്തിലുള്ള ചേരുവകൾക്ക് എൻ.പി.പി.എ. നിശ്ചയിച്ച പ്രകാരമുള്ള സീലിംഗ് പ്രൈസിനെക്കാൾ കൂടുതൽ വില ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടപ്പോൾ പ്രസ്തുത മരുന്നിന്റെ വിപണനം നിർത്തി വയ്ക്കുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്. ഡോക്സി 1 എൽ (നിർമ്മാണം – യു.എസ്.വി. ലിമിറ്റഡ്) എന്ന മരുന്നിന്റെ 8 എണ്ണം അടങ്ങിയ സ്ട്രിപ്പ് ഒന്നിന് എം.ആർ.പി.48.58 |

| | | | |
|---|---|---|---|
| | | | രൂപക്ക് വിൽക്കുന്നതായി ശ്രദ്ധയിൽപ്പെടുകയും അതിന്റെ വിപണനം നിർത്തിവയ്ക്കുകയും ചെയ്തു. എന്നാൽ ബന്ധപ്പെട്ട എല്ലാ വിവരങ്ങളും ശേഖരിച്ചതിൽ നിന്നും ഈ മരുന്നിന്റെ സീലിംഗ് പ്രൈസ് 8 ക്യാപ്സൂളിന് 43.74 രൂപ ( സീലിംഗ് പ്രൈസ് ) + എക്സൈസ് ഡ്യൂട്ടി + ലോക്കൽ ടാക്സ് ചേരുമ്പോൾ 8 ക്യാപ്സൂളിന് 48.58 എന്ന വിലക്ക് വിൽക്കാവുന്നതാണ് എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഈ മരുന്നിന്റെ വിപണനം തുടരുവാനുള്ള അനുമതി നൽകിയത്. |
| (സി) | മരുന്നുകളുടെ വില ഏകീകരിക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യാൻ സെപ്തംബർ 4 ന് കമ്പനികളുടെ യോഗം വിളിച്ചിരുന്നോ ; എങ്കിൽ പ്രസ്തുത യോഗത്തിലെ തീരുമാനങ്ങൾ എന്തെല്ലാം ; യോഗം ചേർന്നില്ലായെങ്കിൽ പ്രസ്തുത യോഗം ചേരാതിരുന്നതിനുള്ള കാരണങ്ങൾ വിശദീകരിക്കുമോ ? | (സി) | യോഗം വിളിച്ചിരുന്നു. മതിയായ മുന്നൊരുക്കം ഇല്ലാതെ ഈ യോഗം നടത്തുകയാണെങ്കിൽ വിജയിക്കാൻ സാധ്യത കുറവായതിനാൽ യോഗം മാറ്റിവച്ചു. |

സെക്ഷൻ ഓഫീസർ